"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി -ശ്രീ. അജയൻ, ശ്രീ. ദീപു ദിവാകരൻ എന്നിവർക്ക് വസ്തു വാങ്ങുന്നതിന് 3.75 ലക്ഷം രൂപ നിരക്കിൽ തുക നൽകാൻ അനുമതി (പ്രൊജക്ട് നമ്പർ 72/ 2020) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.2071/2020/LSGD തീയതി,തിരുവനന്തപുരം, 04/11/2020

---

പരാമർശം:- 1 കുളനട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.12.2019 തിയതിയിലെ അപേക്ഷ

2 പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24/01/2020 തീയതിലെ കത്ത്.

3 സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 25-02-2020 തീയതിയിലെ നടപടിക്കുറിപ്പിലെ തീരുമാനം 4.81.

**ഉത്തരവ്**

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30/07/2019-ലെ തീരുമാനപ്രകാരം വീടു വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ (ലൈഫ് മിഷൻ നിരക്ക് നിശ്ചയിക്കും വരെ) 5 സെന്റ് സ്ഥലത്തിന് പരമാവധി 3.75 ലക്ഷം രൂപ നൽകാമെന്ന് നിർദ്ദേശിച്ചിരുന്നു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29/08/2019-ലെ യോഗത്തിൽ ലൈഫ് മിഷൻ പ്രകാരം ഭൂമി വാങ്ങാൻ നിരക്ക് നിശ്ചയിച്ചു. ഇതനുസരിച്ച് പട്ടിക ജാതി വിഭാഗക്കാർക്ക് 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 2.25 ലക്ഷം രൂപയാണ് നൽകാവുന്നത്. പുതിയ നിരക്ക് അറിയുന്നതിനും ഗുണഭോക്താവിനെ അറിയിക്കുന്നതിനും കാല താമസം വന്നതിനാൽ കുളനട ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട പട്ടിക ജാതി വിഭാഗത്തിലെ ശ്രീ. അജയൻ, ആലവട്ടകുറ്റിയിൽ, ശ്രീ. ദീപു ദിവാകരൻ, കിഴക്കെ ഇടവെട്ടത്ത് എന്നീ ഗുണഭോക്താക്കൾ 3.75 ലക്ഷം രൂപ നിരക്കിൽ ഭൂമി വാങ്ങി പ്രമാണം രജിസ്റ്റർ ചെയ്തിരുന്നുവെന്നും ആയതിനാൽ ഇവർക്ക് 3.75 ലക്ഷം രൂപ നിരക്കിൽ തുക നൽകാൻ അനുമതി നൽകണമെന്നുമുള്ള കുളനട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) അപേക്ഷ, പരാമർശം (2) പ്രകാരം ലഭ്യമാക്കുകയുണ്ടായി

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സമിതി സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊട്ടടുത്ത രണ്ട കോ-ഓർഡിനേഷൻ കമ്മിറ്റിയിലാണ് നിരക്ക് നിശ്ചയിച്ചതും പുതുക്കി അന്തിമമാക്കിയതും എന്നതു പരിഗണിച്ച് ശ്രീ. അജയൻ, ആലവട്ടകുറ്റിയിൽ, ശ്രീ. ദീപു ദിവാകരൻ, കിഴക്കെ ഇടവെട്ടത്ത് എന്നീ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങിയതിന് (പ്രൊജക്റ്റ് നമ്പർ 72/ 2020) 3.75 ലക്ഷം രൂപ നിരക്കിൽ തുക നല്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഴയ നിരക്കായ 3.75 ലക്ഷം രൂപ നൽകുമ്പോൾ അതിനോടൊപ്പം ചേർത്തിരുന്ന നിബന്ധന പ്രകാരം 5 സെന്റ് വാങ്ങിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ.

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട.

സെക്രട്ടറി, കുളനട ഗ്രാമ പഞ്ചായത്ത്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2020.11.04 15:18:46 IST
Reason: Approved
സെക്ഷൻ ഓഫീസർ